**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 767** **11.07.2016- ൽ മറുപടിക്ക്**

## കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡിന്റെ വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എ. പ്രദീപ്കുമാർ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡിന്റെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ബന്ധപ്പെട്ട ഫയൽ നമ്പരുകൾ സഹിതം വിശദമാക്കാമോ; | (എ) യും (ബി) യും | കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡ് സ്ഥലം ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ 2011-ലാണ് ആരംഭിച്ചത്. ഈ പ്രവർത്തനത്തിനാവശ്യമായ 2700 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിരുന്നു. ആയതിന്മേൽ 24.10.2013-ലെ 21931/പി.എസ്2/2013/പൊ.മ.വ നമ്പർ കത്ത് പ്രകാരം ഭരണാനുമതി നൽകുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തി പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാക്കുവാൻ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ കഴിയും. |
| (ബി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനം ഏത് വർഷമാണ് ആരംഭിച്ചതെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ